Suspension of Rules

ചട്ടം സസ്പെന്റ് ചെയ്യണമെന്ന ഉപക്ഷേപം

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, " 2026-ലെ ശമ്പളവും ബത്തകളും (ഭേദഗതി) ബിൽ, 2026-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ എന്നിവ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 76(1)-ലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.